# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അടാട്ട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 1)987/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 05/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അടാട്ട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 1)987/2022. തീയ്യതി: 05/07/2022

## തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-09-2019 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 06-06-2022 | 13-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-06-2022 | 13-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന.കെ.ടി, ഓഡിറ്റ് ഓഫീസർ
ശ്രീ. ശിവദാസൻ.എ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. സലീഷ്.എം.ജി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. ശ്രീജിത്ത് തെക്കുമ്പാടൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ (07.06.2022 മുതൽ 13.06.2022 വരെ)
ശ്രീമതി വിദ്യ.ഒ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രഞ്ജിത്ത്.പി.ആർ, ഓഡിറ്റർ
ശ്രീമതി ലക്ഷ്മിപ്രിയ.പി.ഒ, ഓഡിറ്റർ (07.06.2022 മുതൽ 13.06.2022 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ടി ആർ ജയചന്ദ്രൻ | പ്രസിഡന്റ് | 01-04-2019 | 01-03-2020 |
| ശ്രീ. മാറ്റ്ലി എം ചെറുവത്തൂർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 14-07-2019 |
| ശ്രീ .സുരേഷ് കെ എസ് | സെക്രട്ടറി | 15-07-2019 | 22-10-2019 |
| ശ്രീ. പി ജി വസന്തകുമാർ | സെക്രട്ടറി | 01-11-2019 | 31-03-2020 |
| ശ്രീ. മാറ്റ്ലി.എം. ചെറുവത്തൂർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-10-2019 | 31-10-2019 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി റിജ പി ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| സ്മിത ഫ്രാൻസിസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.രാധിക ശ്യാം | വെറ്റിറനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ. ധന്യ എ കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.സൈമൺ ടി ചുങ്കത്ത് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീമതി ഡോണ വിജയൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 16-12-2019 |
| ശ്രീമതി സ്റ്റെല്ല വി.ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-12-2019 | 31-03-2020 |
| ശ്രീ. ബാബു സി എ | വി.ഇ.ഒ, ചിറ്റിലപ്പിള്ളി സർക്കിൾ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീജ പി ടി | വി.ഇ.ഒ, പുഴക്കൽ സർക്കിൾ | 01-04-2019 | 31-03-2020 |
| ശ്രീമതി സുഷമ സി വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ.ജയ ടി എം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി റോസിലി കെ പി | എച്ച് എം, ജി.എൽ.പി.എസ്,അടാട്ട് | 01-04-2019 | 21-06-2019 |

| | | | |
|---|---|---|---|
| ഒഴിവ് | എച്ച് എം, ജി.എൽ.പി.എസ്,അടാട്ട് | 22-06-2019 | 28-06-2019 |
| ശ്രീമതി മരിയ ജ്യോതി | എച്ച് എം, ജി.എൽ.പി.എസ്,അടാട്ട് | 29-06-2019 | 31-03-2020 |
| ശ്രീ. മാറ്റ്ലി.എം. ചെറുവത്തൂർ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sheena K T (Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Vidhya O.K (Senior Grade Auditor, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Vidhya O.K (Senior Grade Auditor, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sheena K T (Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-5 |
| 6 | ക്ഷേമ പെൻഷൻ സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Ranjith P.R (Auditor, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sivadasan A K (Asst. Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sheena K T (Audit Officer, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-10 |
| 11 | വസ്തു നികുതി - ഡി.സി.ബി രജിസ്റ്റർ, വാർഷികകണക്കുകളിലെ പത്രികകൾ എന്നിവ പ്രകാരവുമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-11 |
| 12 | വസ്തുനികുതി - പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി നടത്തുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-12 |
| 13 | വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-13 |
| 14 | വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ച തുകയേക്കാൾ കൂടുതൽ തുക ക്രമീകരിച്ചു<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-14 |
| 15 | "Prior Period Items" -എന്ന നോമിനൽ അക്കൌണ്ട് പ്രകാരം വസ്തു നികുതി അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന | 1-15 |

| | | |
|---|---|---|
| | വർദ്ധിപ്പിച്ചു<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | |
| 16 | ലൈബ്രറി സെസ്സ് - വ്യത്യാസം പരിഹരിക്കേണ്ടതാണ്<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-16 |
| 17 | സർവ്വീസ് സെസ്സ് -ഡിമാന്റ്,കളക്ഷൻ,ബാലൻസ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-17 |
| 18 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ -പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി നടത്തുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-18 |
| 19 | അക്രൂവൽ, കാഷ് അടിസ്ഥാനത്തിൽ ആയി രേഖപ്പെടുത്തിയ തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-19 |
| 20 | നികുതി,നികുതിയേതര കുടിശ്ശിക - പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-20 |
| 21 | Prior Period Item - വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-21 |
| 22 | ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-22 |
| 23 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-23 |
| 24 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-24 |
| 25 | ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-25 |
| 26 | ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-26 |
| 27 | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-27 |
| 28 | ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-28 |
| 29 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-29 |

| | | |
|---|---|---|
| 30 | പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ചേർത്തിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-30 |
| 31 | നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകിയത് ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-31 |
| 32 | ബാങ്ക് റീകൺസീലിയേഷൻ പത്രിക - പാസ്ബുക്ക് നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു.<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-32 |
| 33 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-33 |
| 34 | Capital Work In Progress - പ്രവൃത്തികളുടെ വിവരം കാണിക്കുന്ന വർക്ക്ഷീറ്റ് ഹാജരാക്കിയിട്ടില്ല.<br>Written By: Vidhya O.K (Senior Grade Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-34 |
| 35 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Saleesh M.G (Asst. Audit Officer, On 10-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-35 |
| 36 | ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവ പ്രവർത്തിക്കുന്നു<br>Written By: Ranjith P.R (Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-36 |
| 37 | ലേലം അപാകതകൾ<br>Written By: Ranjith P.R (Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-37 |
| 38 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക - അപാകങ്ങൾ<br>Written By: Ranjith P.R (Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-38 |
| 39 | തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Ranjith P.R (Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-39 |
| 40 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Ranjith P.R (Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-40 |
| 41 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ<br>Written By: Ranjith P.R (Auditor, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-41 |
| 42 | വൈകി പൂർത്തീകരിച്ച പ്രവർത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ നൽകിയിട്ടില്ല. ഫൈൻ ഈടാക്കിയിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 13-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-42 |
| 43 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Sheena K T (Audit Officer, On 14-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-43 |

| | | |
|---|---|---|
| 44 | ലൈഫ് ഭവനപദ്ധതി ഗുണഭോക്താവ് അവകാശികളില്ലാതെ മരണപ്പെട്ടു-ഭവനവിർമാണം പൂർത്തിയാക്കിയില്ല<br>Written By: Sheena K T (Audit Officer, On 14-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-44 |
| 45 | എസ്.സി വിവാഹധനസഹായം - അപേക്ഷയുടെ സമയപരിധി കൃത്യമായി പാലിക്കേണ്ടതാണ്<br>Written By: Sheena K T (Audit Officer, On 14-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-45 |
| 46 | ബാലസഭ-തനത് ഫണ്ട് ട്രാൻസ്ഫർ ചെയ്തത് സി ഡി എസ് എക്കൗണ്ടിൽ ചെലവാകാതെ കിടക്കുന്നു<br>Written By: Sheena K T (Audit Officer, On 14-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-46 |
| 47 | ജെന്റർ റിസോഴ്സ് സെന്റർ - ചെലവഴിക്കാത്ത തുക പ്ലാൻ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്<br>Written By: Sheena K T (Audit Officer, On 14-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-47 |
| 48 | പട്ടികജാതിക്കാർക്ക് കുടിവെള്ള സംഭരണി- ഗുണഭോക്തൃവിഹിതം ഈടാക്കിയതിൽ കുറവ്<br>Written By: Sheena K T (Audit Officer, On 14-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 1-48 |
| 49 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമാണം പൂർത്തിയാക്കിയല്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Sheena K T (Audit Officer, On 15-06-2022)<br>Last Updated By: Shobby.V.P (Audit Officer, On 05-07-2022) | 1-49 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ranjith P.R (Auditor, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 05-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Ranjith P.R (Auditor, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Ranjith P.R (Auditor, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Ranjith P.R (Auditor, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Ranjith P.R (Auditor, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Ranjith P.R (Auditor, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Ranjith P.R (Auditor, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 4-7 |

| | | |
|---|---|---|
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Ranjith P.R (Auditor, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ranjith P.R (Auditor, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 04-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Ranjith P.R (Auditor, On 12-06-2022)<br>Last Updated By: Sheena K T (Audit Officer, On 05-07-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തീയതി | 12.02.2019 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 177546443 | 174820647 |
| റിവൈസ്ഡ് ബജറ്റ് | | |
| പാസ്സാക്കിയ തീയതി<br>കമ്മിറ്റി തീരുമാനം | 12.02.2020,<br>4(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 175506776 | 189151297 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 27.05.2020 |

## 1-3 സാമ്പത്തിക വിശകലനം

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 29777731.9 |
| വരവ് | 75155803 |
| ആകെ | 104933534.9 |
| ചെലവ് | 77328228 |
| നീക്കിയിരിപ്പ് | 27605306.9 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15780116 | 15780116 | 12938116 | 2842000 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 12125588 | 12125588 | 9604733 | 2520855 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 173000 | 173000 | 0 | 173000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4410000 | 4410000 | 2375401 | 2034599 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4722000 | 4722000 | 3155453 | 1566547 |
| കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 9764407 | 9764407 | 5176812 | 4587595 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 143 | 91722796 | 62 | 55321536 | 38 | 43 | 60.31% |

## 1-6 ക്ഷേമ പെൻഷൻ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 61920 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 1801200 | 448 |
| വിധവാ പെൻഷൻ | 3947400 | 1095 |
| വാർദ്ധക്യകാല പെൻഷൻ | 6656100 | 1844 |
| വികലാംഗപെൻഷൻ | 1060800 | 295 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 894600 | 256 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 09.06.2022 തീയതിയിൽ, 2.50 PM ന്, സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, 20078/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3226 | 1108770 | 1111996 | 1111515 | 481 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13140830 | 13140830 | 13140830 | 0 |

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും, ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും, മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഡി&ഒ ഡിമാന്റ് രജിസ്റ്റർ

വാടക (കെട്ടിടങ്ങൾ)

വാടക (ഹാൾ & ഓഡിറ്റോറിയം)

ലേല രജിസ്റ്റർ

പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-10 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

## 1-11 വസ്തു നികുതി - ഡി.സി.ബി രജിസ്റ്റർ, വാർഷികകണക്കുകളിലെ പത്രികകൾ എന്നിവ പ്രകാരവുമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ 2019-20-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1.11.1 തൻവർഷം

1.11.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4344376 | 3750698 | 294660 | 302618 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4344376 | 3747098 | 294660 | *302618 |
| | (ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(317940/105X100) =302800 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.11.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3586197 | 1885626 | 75375 | 1640179 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3586197 | 1870643 | 75375 | 1640235* |
| | (ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(1722247/105X100) =1640235 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.11.1.2 കുടിശ്ശിക

1.11.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 1247203 | 22528 | 1230987 |

| | | | |
|---|---|---|---|
| പ്രകാരം | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 262250 | 20377 | 1231224** |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (24883 +250480=275363/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (1292786/105X100)=......., |

1.11.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 9149848 | 11880 | 9139407 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5619907 | 10441 | 9139407 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *( 1023662 +4877240= 5900902/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(9596639/105X100)= 9139656, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.11.3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസി ഡൻഷ്യൽ | 221366 | 62648 | 284014 | 189788 | 1146 | 190934 | 16106 | | 15322 | 61799 | 77724 |
| | നോൺ-റെസിഡൻഷ്യൽ | 183032 | 457758 | 640790 | 94745 | 595 | 95340 | 3955 | | 82068 | 457232 | 539283 |
| | ആകെ | | | 924804 | | | 286274 | 20061 | | 617007 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 1371322 | | | 287452 | | | - | 308383 | 616421 | | |
| | | 446518+924804 = (2018-19-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1.11.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി നം. 9/ 10.06.2022)

## 1-12 വസ്തുനികുതി - പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി നടത്തുന്നില്ല

1/4/2019-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20-ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി

ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ അടാട്ട് ഗ്രാമപഞ്ചായത്തിൽ 329 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20-ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1 തവണ (18.06.2019 തീയതിയിൽ) മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-13 വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 287452 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 286274 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 754901 രൂപയാണ്.

## 1-14 വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ച തുകയേക്കാൾ കൂടുതൽ തുക ക്രമീകരിച്ചു

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2019-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2019-20 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/19-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2019-20-ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 124763 | 294660 * |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 2865 | 75375 |

* 132117/- രൂപ ബാലൻസിൽ നിന്നുമാണ് ടി തുക ക്രമീകരിച്ചിട്ടുള്ളത്.

## 1-15 "Prior Period Items" -എന്ന നോമിനൽ അക്കൌണ്ട് പ്രകാരം വസ്തു നികുതി അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചു

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കണ്ട് പരിശോധിച്ചു. അതിൽ രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക്ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41900451 | 31.3.20 | 165636 |
| 2 | 41900452 | 31.3.20 | 100 |

2. നോൺ-റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41900451 | 31.3.20 | 72510 |

## 1-16 ലൈബ്രറി സെസ്സ് - വ്യത്യാസം പരിഹരിക്കേണ്ടതാണ്

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 12929612/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 615695 (12929612/105X5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 616421/- രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-17 സർവ്വീസ് സെസ്സ് -ഡിമാന്റ്,കളക്ഷൻ,ബാലൻസ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | 3669024 | 1128413 | 2464931 |
| വാർഷിക കണക്ക് പ്രകാരം | 2720513 | 1135084 | 2463153 |

## 1-18 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ -പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി നടത്തുന്നില്ല

2019-20-ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6-ൽ ചേർത്തിട്ടുണ്ട്).

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (കെടങ്ങൾ) | 130100101-Rent From Building | 940000/-<br>2862/- | 12.06.2019 | 41900025<br>41900455 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-19 അക്രൂവൽ, കാഷ് അടിസ്ഥാനത്തിൽ ആയി രേഖപ്പെടുത്തിയ തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

1.അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|
| ലേലം – വാർഷിക കണക്ക് പ്രകാരം | 143874 | 143874 | - | - | 0 |
| ലേലം - രജിസ്റ്റർ പ്രകാരം | 165957 | 157557 | - | - | 8400 |

2. കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|
| തൊഴിൽ നികുതി (ജീവനക്കാർ) - | 7016110 | 6984960 | 7016110 |

## 1-20 നികുതി,നികുതിയേതര കുടിശ്ശിക - പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-21 Prior Period Item - വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2020 ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (700260) |

| | |
|---|---|
| 280100104-Prior Period Income-Property Tax On Non Residential Buildings | (3682351) |
| 280100102-Prior Period Income- Proffession Tax – Institutions/ Proffessionals / Traders | (3750) |
| 280100105- Prior Period Income – Service Cess On Residential Buildings | (219639) |
| 280100106- Prior Period Income – Service Cess On Non Residential Buildings | (728872) |
| 280200401-Prior Period Income-Other Incomes | 95045 |
| 280800201- Prior Period- Administrative Expense | (86491) |

### 1-22 ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-23 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-24 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2172425/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9537814/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-25 ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

2019-20 വർഷത്തെ Income And Expenditure പത്രിക പ്രകാരം 4422868/- രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

### 1-26 ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 600/- രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-27 സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി ക്ലോസിങ് സ്റ്റോക്ക് ഇല്ല. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയതിന്റെ വിവരം ഹാജരാക്കിയിട്ടില്ല (കേരള

പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ)).

## 1-28 ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

31.03.20-ലെ ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് തുക പരിശോധിക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

## 1-29 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20-ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/20-ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | |
|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക |
| 1 | 320100121 | Centrally Sponsered Scheme - ICDS | 701 |
| 2 | 320300199 | Grants, Funds & Contribution For Specific Purpses- Other Govt.Agencies | 262121 |
| 3. | 320400199 | Grants, Funds & Contribution For Specific Purposes – Other Financial Institutions | 200000 |
| 4 | 320500101 | Grants, Funds & Contribution For Specific Purposes- Welfare Bodies Capital | 100000 |
| 5 | 320800101 | Beneficiary Contribution | 1350511 |

## 1-30 പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ചേർത്തിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450250110 | Treasury TSB | 1050358 |
| 3 | 450650109 | Treasury Spl TSB- Joint Venture | 2657135 |

## 1-31 നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകിയത് ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു.മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 75/20- പുഴക്കൽ പമ്പ് ഹൗസിൽ നിന്ന് ചാക്യാംപറമ്പ് OH ടാങ്കിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 21900415 Dt. 01.06.2019 | 345907/- | 410400103— Drinking Water-Pipe Lines | 460500201-Advance To Implementing Agencies-KWA |

## 1-32 ബാങ്ക് റീകൺസീലിയേഷൻ പത്രിക - പാസ്ബുക്ക് നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയതിൽ പാസ്ബുക്ക് നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നമ്പർ | ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| SBI Own Fund | 67381821038 | 21163185/- | 21160930/- |

## 1-33 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| അക്കൗണ്ട് നം. | ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|---|
| SB 2/608- Adat Farmers Co. Bank | 456285 | 04.06.2019 | 500/- |
| 67381821038-SBI Own Fund | 026197 | 03.12.2019 | 2270/- |

## 1-34 Capital Work In Progress - പ്രവൃത്തികളുടെ വിവരം കാണിക്കുന്ന വർക്ക്ഷീറ്റ് ഹാജരാക്കിയിട്ടില്ല.

31/3/2020-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 8982321/- രൂപയാണ്. എന്നാൽ ആയത് പരിശോധിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/20 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2020-ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന വർക്ക്ഷീറ്റ് ഹാജരാക്കിയിട്ടില്ല.

## 1-35 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ തൃശ്ശൂർ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് താഴെപ്പറയും വിധം തുക നൽകിയിട്ടുണ്ട്.

| പദ്ധതി നമ്പർ | ബിൽനം. തിയതി | തുക |
|---|---|---|

| | | |
|---|---|---|
| 22/20 | 01/2019-20/29.10.2019 | 268750 |
| | 03/2019-20/14.01.2020 | 43750 |

ഈ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഈ പദ്ധതിയിൽ 2019-20-ലെ ഗുണഭോക്താവായ രാമകൃഷ്ണൻ എടശ്ശേരിവളപ്പിൽ എന്ന ഗുണഭോക്താവ് 10/2020 വരെയും, 2020-21-ലെ ഗുണഭോക്താവായ വള്ളിയമ്മ കുറ്റർമനപണിയിൽ എന്ന ഗുണഭോക്താവ് 12/2021 വരെയുമാണ് കാലിത്തീറ്റ വാങ്ങിയിട്ടുള്ളത്. ഇവർക്കായി എസ്.എൽ.ബി.പിയ്ക്ക് നൽകിയ വിഹിതത്തിൽ അവശേഷിയ്ക്കുന്ന തുക എസ്.എൽ.ബി.പി യിൽ നിന്നും തിരികെ ലഭിയ്ക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 14/10.06.2022)

## 1-36 ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവ പ്രവർത്തിക്കുന്നു

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു :

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 7 പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും മേൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നു :

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 4 കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല.

ആയതുമായി ബന്ധപ്പെട്ടു നൽകിയ എൻക്വയറിക്ക് (നമ്പർ: 01/08.06.2022), മേൽ പറഞ്ഞ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-37 ലേലം അപാകതകൾ

പഞ്ചായത്തിന്റെ വിവിധ സ്ഥാപനങ്ങളിൽ ഉള്ള ഉപയോഗശൂന്യമായ ഇരുമ്പ്, പ്ലാസ്റ്റിക്ക്, അലുമിനിയം, തെരുവു വിളക്കുകൾ എന്നിവ സ്ക്രാപ്പ് വിലക്ക് വിൽക്കുന്നതിനുള്ള, 20.08.2019 ലെ എ1000/19 നമ്പർ ക്വട്ടേഷൻ, ഭരണസമിതിയുടെ 29.08.2019-ലെ 22(2) നമ്പർ തീരുമാനം പ്രകാരം, ശ്രീ. അബ്ബാസ്.പി, പാറമൽ, കള്ളാടിപ്പാറ പി.ഒ, പട്ടാമ്പി എന്ന വ്യക്തിക്ക് നൽകിയിട്ടുള്ളതാണ്. ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തീയതി | ഭാരം (Kg) | റേറ്റ് (Per Kg) | ടോട്ടൽ |
|---|---|---|---|---|---|
| 1 | സ്ട്രീറ്റ് ലൈറ്റ് -അയൺ ക്ലാംപ് | 03.09.2019 | 2305 | 20 | 46100 |
| 2 | സ്ട്രീറ്റ് ലൈറ്റ് | 02.09.2019 | 665 | 10 | 6650 |
| 3 | സ്ട്രീറ്റ് ലൈറ്റ് | 31.08.2019 | 620 | 10 | 6200 |
| 4 | രാജീവ് ഗാന്ധി അയൺ | 31.08.2019 | 1820 | 20 | 36400 |
| 5 | ഫിഷ് ക്രേറ്റ്സ് | 02.09.2019 | 565 | 10 | 5650 |
| 6 | ട്യൂബ് വേയ്സ്റ്റ് | 04.09.2019 | 640 | 10 | 6400 |
| ആകെ | | | | | 107400/- |

31.08.2019 ലെ 119080103795 നമ്പർ രസീത് പ്രകാരം 50000/- രൂപയും 07.09.2019 ലെ 119080103964 നമ്പർ രസീത് പ്രകാരം 49000/- രൂപയും മാത്രമാണ് ഇതുവരെ അടവാക്കിയിട്ടുള്ളത്. ബാക്കി തുകയായ 8400/- രൂപ അടവാക്കിയിട്ടില്ല. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/08.06.2022), ടി തുക അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുക ഈടാക്കി വിവരം

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-38 കെട്ടിടങ്ങളിൽ നിന്നുള്ള വാടക - അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടക സംബന്ധിച്ചുള്ള അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 2019-20 സാമ്പത്തിക വർഷം, മണികണ്ഠൻ.വി.പി എന്ന വ്യക്തിക്ക് വാടകക്ക് നൽകിയിട്ടുള്ള, 8/3 A നമ്പർ കെട്ടിടത്തിന്റെ 12 മാസത്തെ വാടക അടവാക്കിയിട്ടില്ല.
2. 2019-20 സാമ്പത്തിക വർഷം സജീവ്.കെ.എസ് എന്ന വ്യക്തിക്ക് ഷോപ്പിഗ് കോംപ്ലക്സിന്റെ മുകൾഭാഗം (കെട്ടിട നമ്പർ വ്യക്തമല്ല) പ്രതിമാസം 525/- രൂപക്ക് വാടകക്ക് നൽകിയിട്ടുള്ളതാണ്. പ്രസ്തുത സാമ്പത്തിക വർഷം 8 മാസത്തെ വാടകക്കുടിശ്ശികയുണ്ട്. ആയത് ഈടാക്കിയിട്ടില്ല.
3. പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിനുള്ള ബൈലോ ഖണ്ഡിക 17 പ്രകാരം, വാടക യഥാസമയം അടവാക്കുന്നതിൽ വീഴ്ച വരുത്തിയാൽ നിശ്ചിത തീയതി മുതൽ പണം അടവാക്കുന്ന തീയതി ഉൾപ്പടെയുള്ള കാലത്തേക്ക് പ്രതിമാസം 2 % പിഴപ്പലിശയോടെ വാടക അടവാക്കേണ്ടതാണ്.എന്നാൽ പഞ്ചായത്തിൽ ഇപ്രകാരമുള്ള പിഴപ്പലിശ ഈടാക്കുന്നില്ല.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 03/08.06.2022).

## 1-39 തൊഴിൽ നികുതി ഈടാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ബ്യൂകോൺ ഇൻഡസ്ട്രീസ് | II |
| 2 | ബി.വി.പി സ്കൂൾ | II |
| 3 | ചാത്തൻകോൾ പൂപ്പിലക്കാട് സഹകരണ സംഘം | II |
| 4 | ഫെഡറൽ ബാങ്ക്, പുഴക്കൽ | II |
| 5 | ഫോർ സ്റ്റാർ ഏജൻസീസ് | II |
| 6 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | I & II |
| 7 | പുഴക്കൽ ക്ഷീര വ്യവസായ സഹകരണ സംഘം | II |
| 8 | പുഴക്കൽ പമ്പ് ഓപ്പറേറ്റേഴ്സ് | I & II |
| 9 | ക്വാളിറ്റി കണ്ടെയ്നേഴ്സ് | II |
| 10 | ശോഭ ഡെവലപ്പേഴ്സ് ലിമിറ്റഡ് | II |
| 11 | എസ്.കെ ഡെന്റൽ കെയർ | I & II |

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/08.06.2022) മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. 2019-20 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ചിറ്റിലപ്പിള്ളി ക്ഷീരോൽപ്പാദക സഹകരണ സംഘം | II |
| 2 | ഫെഡറൽ ബാങ്ക്, പുഴക്കൽ | II |
| 3 | ജീയെം മോട്ടോഴ്സ് | II |
| 4 | നന്ദനം സാനിറ്ററീസ് | II |
| 5 | ശോഭ ഡെവലപ്പേഴ്സ് ലിമിറ്റഡ് | II |
| 6 | ബി എസ് എൻ എൽ, അമല നഗർ | I&II |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 05/08.06.2022)

## 1-41 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 10-ാം വാർഡിലുള്ള ഡയറക്ടർ, അമല ക്യാൻസർ സെന്റർ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് (ഫയൽ നം. C4/10911/18) പ്രകാരം വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011, ചട്ടം 6 പ്രകാരം കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് (15 ശതമാനം) അടിസ്ഥാന നികുതിയോടൊപ്പം, കണക്കിലെടുക്കാതെയാണ് നികുതി നിർണയിച്ചിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ പേര് | തറ വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 10/20 | അനാറ്റമി സെൽ, മെഡിക്കൽ കോളേജ് | 332 |
| 10/21 | അമല ഭവൻ, ഡയറക്ടേഴ്സ് റെസിഡൻസ് | 354 |
| 10/22 | നഴ്സിങ്ങ് കോളേജ് | 3906 |
| 10/23 | നഴ്സിങ്ങ് സ്കൂൾ | 2433.34 |
| 10/24 | സ്റ്റാഫ് ഹോസ്റ്റൽ, നഴ്സിങ്ങ് | 828.50 |
| 10/79 | ലേഡീസ് ഹോസ്റ്റൽ, ദേവമാത ബ്ലോക്ക് | 3872.17 |
| 10/87 | ബോയ്സ് ഹോസ്റ്റൽ, ചവറ ബ്ലോക്ക് | 2958.96 |
| 10/25 J | ഹോസ്പിറ്റൽ ചവറ ബ്ലോക്ക് | 7664.06 |
| 10/25 N | ഹോസ്പിറ്റൽ ചവറ ബ്ലോക്ക് | 8974.49 |
| 10/25 O | ഹോസ്പിറ്റൽ ചവറ ബ്ലോക്ക് | 9479.49 |

മേൽ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുള്ള ഫോറം 6-ൽ, തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് ബാധകമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ അപ്രകാരമുള്ള നികുതി വർദ്ധനവ് വരുത്തിയിട്ടില്ല. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/13.06.2022) മറുപടി ലഭ്യമാക്കിയില്ല. 2019-20 സാമ്പത്തിക വർഷം നികുതി നിർണ്ണയം നടത്തിയ മേൽ സ്ഥാപനത്തിന്റെ എല്ലാ കെട്ടിടങ്ങൾക്കും തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് ബാധകമായ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.

## 1-42 വൈകി പൂർത്തീകരിച്ച പ്രവർത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ നൽകിയിട്ടില്ല. ഫൈൻ ഈടാക്കിയിട്ടില്ല.

താഴെ ചേർക്കുന്ന പ്രവർത്തികളിൽ കരാറുകാരനുമായി ചേർന്ന് ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥകൾ (ഖണ്ഡിക 6,7) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനുവദനീയ സമയത്തിന്റെ 20% സമയം മാത്രമേ പിഴയില്ലാതെ അനുവദിക്കാനാകൂ. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ കരാർ തുകയുടെ ഒരു ശതമാനം പിഴയും പിന്നീട് വരുന്ന കാലത്തിന് കരാർ തുകയുടെ 2% പിഴയും ഈടാക്കി മാത്രമേ ഫൈനൽ ബിൽ സെറ്റിൽ ചെയ്യാൻ പാടുള്ളൂ. എന്നാൽ ഈ വ്യവസ്ഥ ലംഘിച്ചിട്ടും പ്രവർത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ ഒരു പിഴയും കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല എന്നു കാണുന്നു. ഈ പ്രവർത്തികളിൽ പലതിലും നിയമാനുസൃത സമയപരിധി കഴിഞ്ഞതിനു ശേഷമേ എം ബുക്ക പ്രകാരം പ്രവർത്തികൾ ആരംഭിച്ചതായി കാണുന്നുള്ളൂ. ചില പ്രവർത്തികളിൽഎസ്റ്റിമേറ്റ് റിവിഷനും നിയമാനുസൃത സമയ പരിധി കഴിഞ്ഞതിനു ശേഷം മാത്രമാണ് നടത്തിയിട്ടുള്ളത്. നിശ്ചിത സമയ പരിധിക്കുള്ളിൽ

പ്രവർത്തി നടത്താത്തതിന്റെ കാരണം കരാറുകാരൻ രേഖാമൂലം അറിയിക്കുകയോ, അതിൻമേൽ പഞ്ചായത്ത് സമിതി തീരുമാനം എടുക്കുകയോ ചെയ്തതായും കാണുന്നില്ല. കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് പ്രവർത്തികൾ നീണ്ടു പോയിട്ടും പിഴ ഈടാക്കാതിരുന്നതിന്റെ സാധുത എങ്കിൽ നിയമാനുസൃത പിഴ ഉത്തരവാദികളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് തുക അടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. തുക അടവാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | എഗ്രിമെന്റ് നം. തീയതി | ടി.എസ് നമ്പർ, തിയ്യതി. കാലളവ് /ടെൻഡർ നോട്ടീസ് നമ്പർ. | എം.ബുക്ക് പ്രകാരം പ്രവർത്തി ആരംഭിച്ച തായി ചേർത്ത തീയതി | അവസാന മെഷർമെന്റ് രേഖ പ്പെടുത്തിയ എം ബുക്ക് നമ്പർ തീയതി | എഗ്രീഡ്. പി.എ.സി | കരാറു കാരന്റെ പേര് | ഫൈനൽ ബിൽ വിവരങ്ങൾ | ഈടാ ക്കാവുന്ന പിഴ |
|---|---|---|---|---|---|---|---|---|---|
| 92/19 | പാരിക്കാട് കുളത്തിന്റെ അറ്റകുറ്റ പ്പണികൾ | A6/AE/LSGD /ADAT/18-19 DT. 17-12-18 | TSNo. 72100 /18-19 DT. 16/07 /2018 7months | 3/19-20 Page.2 6/06/2019 | 3/19-20 Page.39 14/02/20 | 306120 | മണികണ്ഠൻ. വി.പി | 109473 Vr.No. 22000558/ 08-05-2020 | 306120*3% =9184 |
| 89/19 | വിവേകാനന്ദ സാംസ്കാരിക നിലയത്തിന് ചുറ്റുമതിൽ നിർമ്മാണം | 29/AE/LSGD /Adat /18-19 Dt. 29/09/18 | TS.No.70794 /18-19 Dt. 14/07/18 6months | 79/18-19 Page.2 07-01-19 | 79/18-19 Page38 10/06/19 | 395864 | മണികണ്ഠൻ. വി.പി | 220000 Vr.no. 21900905/ 17-08-2019 | 395864*1% =3958 |

## 1-43 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| പദ്ധതി നം., പേര് | കൈമാറിയ സ്ഥാപനം | കൈമാറിയ തുക | ബിൽ നം./വൗച്ചർ നം., തീയതി |
|---|---|---|---|
| 75/19-20, പുഴയ്ക്കൽ പമ്പ് ഹൗസിൽ നിന്നും ചാക്യാംപറമ്പ് ഒ.എച്ച് ടാങ്കിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | കേരളാ വാട്ടർ അതോറിറ്റി | 3,45,907 | 21900415, Dt.1-6-2019 |
| 5/19-20, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ-തുക കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്യൽ | കെ.എസ്.ഇ.ബി | 1000000 | 21901019, Dt.25-9-19 |
| | | | |

## 1-44 ലൈഫ് ഭവനപദ്ധതി ഗുണഭോക്താവ് അവകാശികളില്ലാതെ മരണപ്പെട്ടു-ഭവനവിർമാണം പൂർത്തിയാക്കിയില്ല

വി.ഇ.ഒ ചിറ്റിലപ്പിള്ളി നിർവഹണോദ്യോഗസ്ഥനായ, പദ്ധതി നം.31/19-20, ലൈഫ് ഭവനപദ്ധതി എന്നതിൽ, 18-ാം വാർഡിലെ ഗുണഭോക്താവായ, ബാലൻ.സി.പി എന്നയാൾക്ക്, പദ്ധതിയുടെ 1-ാം ഗഡുവായി, 40000/ രൂപയും, രണ്ടാം ഗഡുവായി, 160000/രൂപയും അടക്കം ആകെ 200000/- ഈ ഗുണഭോക്താവിന് നൽകിയിട്ടുണ്ട്. എന്നാൽ രണ്ടാം ഗഡു കൈപ്പറ്റിയ ശേഷം ഈ ഗുണഭോക്താവ് ഹൃദയാഘാതം മൂലം മരണപ്പെട്ടു. ഈ ഗുണഭോക്താവിന് അവകാശികളല്ലാത്തതിനാൽ ഭവനനിർമാണം പൂർത്തിയാക്കിയിട്ടില്ല. ഈ വിവരം കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-45 എസ്.സി വിവാഹധനസഹായം - അപേക്ഷയുടെ സമയപരിധി കൃത്യമായി പാലിക്കേണ്ടതാണ്

അസി.സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ, പദ്ധതി നം.27/19-20, എസ്.സി വിവാഹധനസഹായം എന്നതിൽ, 12-ാം വാർഡിലെ ഗുണഭോക്താവായ വാസന്തി ദാമോദരൻ എന്നവർക്ക് മകൾ രേഖയുടെ വിവാഹത്തിന് ബിൽ നം.13/19-20,dt.11-11-2019 പ്രകാരം 75000/രൂപാ നൽകിയിട്ടുണ്ട്. മകൾ രേഖയുടെ വിവാഹം നടന്നിരിക്കുന്നത് 28-10-2018 നാണ്. എന്നാൽ ധനസഹായത്തിന് അപേക്ഷ നൽകിയിട്ടുള്ളത് 26-10-19നാണ്.

സർക്കാർ ഉത്തരവ് (സാധാ)2438/2018/തസ്വഭവ,തി.17-9-2018,സർക്കാർ ഉത്തരവ് (സാധാ)2960/2018/ത.സ്വ.ഭ.വ, തി.21-11-2018 എന്നിവ പ്രകാരം, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേന നൽകുന്ന വിവാഹധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി ആറ് മാസമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകൾ പ്രത്യേകം പരിശോധിച്ച് അനുമതി നൽകാൻ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള സമയക്രമം നിർബന്ധമായും പാലിക്കേണ്ടതാണ്.

## 1-46 ബാലസഭ-തനത് ഫണ്ട് ട്രാൻസ്ഫർ ചെയ്തത് സി ഡി എസ് എക്കൗണ്ടിൽ ചെലവാകാതെ കിടക്കുന്നു

അസി.സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതിനം 124/19-20 ൽ, തനത് ഫണ്ട് 40000/രൂപാ, വൗച്ചർ നം.22001905, Dt.31-3-2021 പ്രകാരം ബാലസഭാ പ്രവർത്തനങ്ങൾക്കായി, സി.ഡി.എസിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ കോവിഡ് സാഹചര്യമായതിനാൽ ഈ തുക ചെലവഴിക്കാതെ സി.ഡി.എസിന്റെ അക്കൗണ്ടിൽ കിടക്കുകയാണ്. ചെലവഴിക്കാത്ത സാഹചര്യത്തിൽ ഈ തുക തനത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-47 ജെന്റർ റിസോഴ്സ് സെന്റർ - ചെലവഴിക്കാത്ത തുക പ്ലാൻ ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്

അസി.സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതി നം.67/19-20 ജെന്റർ റിസോഴ്സ് സെന്റർ എന്നതിൽ, ബിൽ നം.5/19-20.dt.19-8-19 പ്രകാരം, 55140/ രൂപാ സി.ഡി.എസിന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. പദ്ധതിവിഹിതം നാളിതുവരെ ചെലവഴിക്കാത്തതിനാൽ ആയത് പ്ലാൻ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 1-48 പട്ടികജാതിക്കാർക്ക് കുടിവെള്ള സംഭരണി- ഗുണഭോക്തൃവിഹിതം ഈടാക്കിയതിൽ കുറവ്

അസി.സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ, പദ്ധതി നം.41/19-20, പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള സംഭരണി എന്ന പദ്ധതിയിൽ സെൽസർ പോളിമേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും, 2390/ രൂപാ നിരക്കിൽ 184 എണ്ണം വാങ്ങിയിട്ടുണ്ട്. പദ്ധതി മാർഗരേഖ പ്രകാരം കുടിവെള്ള സംഭരണിക്ക് ഗുണഭോക്തൃവിഹിതമായി വിലയുടെ 25% ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടതാണ്. ഗണഭോക്തൃവിഹിതമായി പിരിക്കേണ്ട, 598/- രൂപക്ക് പകരം നിർവഹണോദ്യഗസ്ഥൻ 510/- രൂപാ മാത്രമാണ് പിരിച്ച്ടെടുത്തിട്ടുള്ളത്. കുറവ് വന്ന ഗുണഭോക്തൃവൃഹിതം ഗുണഭോക്താക്കളിൽ നിന്നോ, ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-49 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമാണം പൂർത്തിയാക്കിയല്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

ബിൽ നം.1/19-20, Dt.25-6-19, Amt. 50000/

ബിൽ നം.2/19-20, Dt.19-7-19, Amt.50000/

അസി.സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ, പദ്ധതി നം.84/19-20, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന സ്പിൽ ഓവർ പദ്ധതിയിൽ, 12-ാം വാർഡിലെ ഗുണഭോക്താവ്, അനിതാ ശ്രീധരന് താഴെ പറയുന്ന ബില്ലുകൾ പ്രകാരം മൂന്നും നാലും ഗഡുക്കൾ നൽകിയെങ്കിലും, ഇവർ നാളിതുവരെ പണി പൂർത്തിയാക്കി വാല്യുവേഷൻ നൽകിയിട്ടില്ല. പണി പൂർത്തിയാക്കി വാല്യുവേഷൻ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 1,00,000/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 28562 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (ലൈഫ് ജനറൽ) | 28562 | 0 |
| | 2019-20 | 210413 | ലൈഫ് ഭവന പദ്ധതി 18/19 ലെ ഗുണഭോക്താക്കൾക്ക് ബാക്കി നൽകാനുള്ള തുക | 210413 | 0 |
| | 2019-20 | 300000 | ലൈഫ് ഭവനപദ്ധതി | 300000 | 0 |
| | 2019-20 | 200000 | സാന്ത്വനം (ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 100000 | 100000 |
| | 2019-20 | 150000 | ക്ഷീരസഹകരണസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 150000 | 0 |
| ആകെ | | | | 788975 | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1000000 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ-തുക കെ എസ് ഇ ബി യിൽ ഡെപ്പോസിറ്റ് ചെയ്യൽ | 1000000 | |
| | 2019-20 | 5,00,00 | പുറനാട്ടുകര വായനശാല | 0 | |
| | 2019-20 | 1,50,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 0 | |
| | 2019-20 | 5,00,000 | സാന്ത്വനം | 2,00,000 | |
| | 2019-20 | 389587 | ലൈഫ് ഭവന പദ്ധതി | 389587 | |

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി-ക്ക് തുക നൽകൽ(5/20) | 1100000 | 1100000 | 0 |

| | | | | |
|---|---|---|---|---|
| KWA | സമഗ്ര കുടിവെള്ള പദ്ധതി (4/20) | 571720 | 571720 | 0 |
| KWA | പുഴയ്ക്കൽ പമ്പ് ഹൗസിൽ നിന്നും ചാക്യാംപറമ്പ് ഒ.എച്ച് ടാങ്കിലേക്ക് ലൈൻ നീട്ടൽ ഒന്നാം ഘട്ടം (75/20) | 345907 | 345907 | 0 |
| KWA | പുഴയ്ക്കൽ പമ്പ് ഹൗസിൽ നിന്നും ചാക്യാംപറമ്പ് ഒ.എച്ച് ടാങ്കിലേക്ക് ലൈൻ നീട്ടൽ രണ്ടാം ഘട്ടം(114/20) | 2400000 | 2400000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം. / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | 6105/19 Dt. 01/08/2019 | | 2877950 | 110294 | | 2767656 |
| | 6105/19 Dt. 01/08/2019 | | 2767656 | 14706 | | 2752950 |
| | 10050/19 Dt. 21/12/2019 | | 2752950 | 110294 | | 2642656 |
| | 10050/19 Dt. 21/12/2019 | | 2642656 | 14706 | | 2627950 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വാർഷികകണക്ക് പ്രകാരമുള്ള 600/- രൂപയുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായത് താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ (ലഭ്യമാക്കിയ മറുപടി) |
|---|---|---|---|---|---|---|
| 1 | 2014-15 | 2(1)-1 | 2016-17 | 2-1 | അദ്ധ്യാപകരുടെ തൊഴിൽ നികുതി നിയമന അംഗീകാരം ലഭിക്കാത്തതിനാൽ | തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ഈടാക്കിയിട്ടില്ല | |
| 2 | 2014-15 | 2(1)-2 | 2016-17 | 2-1 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | ബി.എസ്.എൻ.എൽ.ന് എതിരെ RR നടപടികൾ സ്വീകരിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഓഫീസ് പഞ്ചായത്തിൽ ഇല്ല. പമ്പ് ഹൗസ് മാത്രമാണ് ഉള്ളത്. മറ്റു സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. |
| 3 | 2014-15 | 2(1)-3 | 2016-17 | 2-1 | ക്വാളിറ്റി കണ്ടെയ്നേഴ്സ് എന്ന സ്ഥാപനം രണ്ടാം അർദ്ധ വർഷം ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും അടവാക്കിയിട്ടില്ല. | നികുതി അടവാക്കിയിട്ടുണ്ട്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75155803 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 77328228 |
| വരവിനങ്ങളിലുള്ള നഷ്ടം | Nil |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | Nil |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 100000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-49 | 100000 | മാറ്റ് ലി.എം.ചെറുവത്തൂർ |
| | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മാറ്റ്ലി.എം.ചെറുവത്തൂർ അസി.സെക്രട്ടറി | അസി.സെക്രട്ടറി, നെൻമണിക്കര | ചെറുവത്തൂർഹൗസ്, ഈസ്റ്റ് ഫോർട്ട്.പി.ഒ. |
| | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1983-84 | എൽ.എഫ്.ടി.എസ്.2- 781/11 തീ.18.10.11/ 06.01.12 |
| 1984-85 | |
| 1985-86 | |
| 1986-87, 1987-88 | |
| 1990-91 | |
| 1991-92 | |
| 1992-93, 1993-94 | എൽ.എഫ്.ടി.എസ്.2-781/11 തീ.18/10/11/6.1.12 |
| 1994-95, 1995-96 | എൽ.എഫ്.ടി.എസ്.2- 781/11 തീ.18.10.11/ 6.1.12 |
| 1996-97&1997-98 | എൽ.എഫ്.ടി.21/1911/ 2000/18.05.2000 |
| 1998-99, 1999-2000, 2000-01 | എൽ.എഫ്.ടി.12/932/ 02/11.01.13 |
| 2001-02 | എൽ.എഫ്.ടി.12- 1583/03/ 26.02.02(പ്ലാൻ) |
| 2002-03 | എൽ.എഫ്.ടി.12-944/06/ 30.03.06 |
| 2003-04 | എൽ.എഫ്.ടി.12-156/06/ 14.08.06 |
| 2004-05 | എൽ.എഫ്.ടി.12-2853/06/ 05.12.07 |
| 2005-06 | എൽ.എഫ്.ടി.12-2000/08/ 08.03.10/16.4.10 |
| 2006-07 | എൽ.എഫ്.ടി.12-791/10/ 28.01.11 |
| 2007-08 | എൽ.എഫ്.ടി.12-803/10/ 28.01.11 |
| 2008-09 | എൽ.എഫ്.ടി.12-1776/10/ 20.04.11/02.09.11 |
| 2009-10 | എൽ.എഫ്.ടി.പി3-364/12/ 28.04.12 |
| 2010-11 | എൽ.എഫ്.ടി.പി3- 365/12/ 28.04.12/ 05.07.12 |
| 2011-12 | എൽ.എഫ്.ടി.പി3/692/13 01.08.13/05.10.13 |
| 2012-13 | എൽ.എഫ്.ടി.പി3/2146/ 13/02.04.2014 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (പി3) 1925/14/ 13.07.15 |

| | |
|---|---|
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ പി3/349/16, 14.03.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ പി3/1929/16, 29.11.2016 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ പി3/1416/2017, 10-11-17/27-11-17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ പി3/1671/2018, തീ.28.11.2018 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ പി3/1785/2019, തീ.07.02.2020 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്